**Joseph Srampickal**
Bishop, Catholic Syro-Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular 04/2024 08 June 2024

# ഗ്രേറ്റ് ബ്രിട്ടൻ രൂപതയുടെ അജപാലന ഭവനം.

***'നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിനു പ്രീതികരമാണ്' (ഹെബ്രായർ 13:16).***

**മിശിഹായിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ,**

ഒരു സഭാസമൂഹമായി ഗ്രേറ്റ് ബ്രിട്ടനിലെ സീറോ മലബാർ വിശ്വാസികൾ നിലനിൽക്കുന്നതിനുവേണ്ടിയാണല്ലോ പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് പാപ്പ ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപത സ്ഥാപിച്ചത്. നാളിത് വരെയുള്ള നമ്മുടെ രൂപതയുടെ വളർച്ച ദൈവകൃപയുടെ പ്രവർത്തന ഫലമാണ്. രൂപത സ്ഥാപിക്കപ്പെട്ട സമയത്ത് 173 വിശുദ്ധ കുർബാന കേന്ദ്രങ്ങളിലായി ചിതറിക്കിടക്കുകയായിരുന്ന നമ്മൾ, ദൈവ പരിപാലനയാലും നമ്മുടെ കൂട്ടായ പരിശ്രമത്താലും, ത്യാഗപൂർവ്വമായ പങ്കുവയ്പിലൂടെയും 4 ഇടവകകളും, 55 മിഷനുകളും, 31 പ്രോപോസ്ഡ് മിഷനുകളും ആയി പുനഃക്രമീകരിക്കപ്പെട്ടു. നമ്മുടെ സഭയുടെ വിശുദ്ധ കുർബാനയർപ്പണം എല്ലാ ഞായറാഴ്ചകളിലും സാധ്യമാക്കുക എന്നതായിരുന്നു നമ്മുടെ പ്രധാന പരിഗണന. കാലക്രമത്തിൽ വിവിധ രൂപതകളിൽ നിന്നും സന്ന്യാസ സമൂഹങ്ങളിൽനിന്നും നിന്നും വൈദികരെ നമ്മുടെ രൂപതയിലെ ദൈവജനത്തിന്റെ ആധ്യാത്മിക പോഷണത്തിന് സംലഭ്യമാക്കാൻ നമുക്ക് കഴിഞ്ഞു.

ഈ ഘട്ടത്തിൽ നമ്മുടെ രൂപതക്ക് ഒരു അജപാലന ഏകീകരണ സംവിധാനം ആവശ്യമായിരിക്കുകയാണ്. ഏറെ നാളത്തെ പ്രാർഥനകൾക്കും, അന്വേഷണങ്ങൾക്കുമൊടുവിൽ ബിർമിംഗ്ഹാമിലെ **OLD OSCOT HILL** ൽ മനോഹരമായ ഒരു കോൺവെന്റ് വാങ്ങുവാനുള്ള സാഹചര്യം നമ്മുടെ കർത്താവ് ഒരുക്കിയിരിക്കുകയാണ്. ഗ്രേറ്റ് ബ്രിട്ടനിൽ വിശാലമായി വ്യാപിച്ചു കിടക്കുന്ന നമ്മുടെ രൂപതയുടെ പാസ്റ്ററൽ സെന്റർ മിഡ്ലാൻഡ്സിൽ ആയിരിക്കുക എന്നത് പല കാരണങ്ങളാൽ സൗകര്യപ്രദവും പ്രധാനപെട്ടതുമാണ്. ഇംഗ്ലണ്ടിലെ കത്തോലിക്കാ പൗരാണികതയുടെ ദീപ്ത സ്മരണകൾ ഉറങ്ങുന്ന മണ്ണിലാണ് നമുക്ക് ലഭ്യമാകുന്ന ഈ കോൺവെന്റ് എന്നത് ശ്രദ്ധേയമാണ്. നമ്മുടെ കുടുംബങ്ങളെ, പ്രത്യേകിച്ച് കുഞ്ഞുങ്ങളെയും യുവജനങ്ങളെയും അനുയാത്ര ചെയ്യുന്നതിനും അവരുടെ ആത്മീയവും മാനസികവുമായ വളർച്ചയിൽ സഹായിക്കുന്നതിനുമാണ് നമുക്ക് ഇങ്ങനെ ഒരു അജപാലന ഭവനം അനിവാര്യമായിരിക്കുന്നത്. നമ്മുടെ രൂപതയിലെ ഓരോ വ്യക്തിയുടെയും സമ്പൂർണ്ണ സഹകരണത്തിലൂടെ മാത്രമേ ഈ സ്വപ്ന പദ്ധതി യാഥാർത്യമാക്കാൻ സാധിക്കൂ. നിങ്ങളുടെ വികാരിയച്ചന്മാരും കമ്മറ്റി അംഗങ്ങളും നിർദ്ദേശിക്കുന്നതനുസരിച്ച് ഈ സംരംഭവുമായി കഴിയും വിധം സാമ്പത്തികമായി സഹകരിക്കുമല്ലോ. അതോടൊപ്പം ഇതിന്റെ സുഗമമായ പൂർത്തീകരണത്തിന് വേണ്ടി നിങ്ങളുടെ വിലപ്പെട്ട പ്രാർഥന നിരന്തരമായി ഉണ്ടാവണമെന്ന് ഓർമിപ്പിക്കട്ടെ.

നമ്മുടെ കർത്താവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

ജോസഫ് സ്രാമ്പിക്കൽ,

+ Joseph Srampickal

ബിഷപ്പ്, സിറോ മലബാർ എപ്പാർക്കി ഓഫ് ഗ്രേറ്റ് ബ്രിട്ടൺ.

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2024 **ജൂൺ** 9 ഞായറാഴ്ച്ച വായിക്കേണ്ടതാണ്. (അന്ന് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച്ച വായിക്കേണ്ടതാണ്).